കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ ഒരു പരിശീലന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

(സി) ഇതിനാവശ്യമായ തുക കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും എൻ.സി.ഡി.സി. സിഡ്ബി (സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ) തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വഴിയും കണ്ടെത്താനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

(ഡി) അതാതു ജില്ലകളിലെ നിലവിലുള്ള പ്രവർത്തനക്ഷമമായ കയർ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ ഇക്കോ കയർ വില്ലേജുകളിലെ യൂണിറ്റുകൾ ആരംഭിക്കണമെന്നതാണ് പരിഗണനയിലുള്ള നിർദ്ദേശം. ഈ നിർദ്ദേശം നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്നതാണ്.

(ഇ) ഉദ്ദേശം 8000 (എണ്ണായിരം) പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(എഫ്) ഇക്കോ കയർ വില്ലേജുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ കേന്ദ്രീകരിച്ച് ഒരു സെന്റർ തുടങ്ങുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഈ സെന്ററിന്റെ പരിധിയിലും നിയന്ത്രണത്തിലുമായിരിക്കും പഠന ഗവേഷണ പരിശീലന കേന്ദ്രവും പ്രവർത്തിക്കുക. ഈ രംഗത്തു പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരുടേയും സ്ഥാപനങ്ങളുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടായിരിക്കും കേന്ദ്രത്തിന് രൂപം നൽകേണ്ടത് എന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

6 (*126) കാലവർഷക്കെടുതി നേരിടാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾ നേരിടാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇക്കഴിഞ്ഞ മേയ് മാസവും ജൂൺ മാസം ആദ്യവും ഉണ്ടായ കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കാലവർഷക്കെടുതിമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം ആശ്വാസ നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് പറയുമോ;

(ഇ) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുവാൻ റവന്യൂ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും സഹായം അർഹരായവർക്കുമാത്രം ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ജി) കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) കാലവർഷം മുന്നിൽകണ്ടുകൊണ്ട്, കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസനടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തനസംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടി വന്നാൽ ഉപയോഗിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളായി സജ്ജമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപാർപ്പിക്കുവാനും, ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനായി ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഉണ്ടായേക്കാവുന്ന ഗതാഗത തടസ്സം ഉടനടി നീക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഗതാഗതം പുനസ്ഥാപിക്കുന്നതുവരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിനുപകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്

(സി) 22.6.1999 വരെയുള്ള കണക്ക് അനുസരിച്ച്

ജീവഹാനി സംഭവിച്ചവർ	-	39
പരിക്ക് പറ്റിയവർ	-	53
വീട് പൂർണ്ണമായി നശിച്ചത്	-	749 എണ്ണം
വീട് ഭാഗികമായി നശിച്ചത്	-	13865 എണ്ണം
കൃഷിനാശം	-	2723.39 ലക്ഷം രൂപ

(ഡി) പ്രകൃതിക്ഷോഭത്തിൽ മരണമടയുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 30,000 രൂപയും കുട്ടികളുടെ കുടുംബത്തിന് 10,000 രൂപയും നൽകുന്നുണ്ട്. വീട് നശിക്കുന്നവർക്ക് 15,000 രൂപയും, ഭാഗികമായി വീട് നശിക്കുന്നവർക്ക് നഷ്ടത്തിന്റെ തോതനുസരിച്ച് 5,000 രൂപവരെയും നൽകുന്നുണ്ട്. പ്രകൃതിക്ഷോഭത്തിൽ മരണമടയുന്നതിനും, വീട് നശിക്കുന്നതിനും വരുമാന പരിധി കണക്കാക്കാതെ ധനസഹായം നൽകുന്നുണ്ട്. മറ്റെല്ലാനാശനഷ്ടങ്ങൾക്കും കുടുംബവരുമാനപരിധി 25,000 രൂപയെന്ന് നിശ്ചയിച്ചിട്ടുണ്ട്. പ്രകൃതി ക്ഷോഭത്തിൽ പരിക്ക് പറ്റുന്നവർക്ക് സർക്കാർ ആശുപത്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സ ലഭിച്ചില്ലെങ്കിൽ 1,500 രൂപ വരെ നൽകാൻ വ്യവസ്ഥയുണ്ട്. ഇക്കൊല്ലത്തെ കാലവർഷത്തിൽ മരണമടയുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 30,000 രൂപ നൽകാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്.

(ഇ) കാലവർഷക്കെടുതിയിൽ സംഭവിക്കുന്ന കൃഷിനാശത്തിന്റെ കണക്ക് കൃഷിവകുപ്പ് തിട്ടപ്പെടുത്തി ജില്ലാ കളക്ടർമാർക്ക് നൽകി, ജില്ലാ കളക്ടർമാർ വീണ്ടും പരിശോധന നടത്തിയശേഷം ധനസഹായം നൽകുന്നതിനായി ആവശ്യപ്പെടുന്ന തുക, പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിലെ തുകയുടെ പരിമിതി കണക്കിലെടുത്താണ് അനുവദിച്ചു നൽകുന്നത്.

(എഫ്) പ്രകൃതിക്ഷോഭത്തിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്കും വീട് നശിക്കുന്നവർക്കും കുടുംബവാർഷികവരുമാനം കണക്കിലെടുക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്. മറ്റെല്ലാ നാശനഷ്ടങ്ങൾക്കുമുള്ള ധനസഹായം കുടുംബവാർഷിക വരുമാനം 25000 രൂപ വരെയുള്ളവർക്കാണ് നൽകുന്നത്. വാർഷിക വരുമാന പരിധി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അർഹരായവർക്കു മാത്രമേ ഈ വക ധനസഹായങ്ങൾ ലഭിക്കുകയുള്ളൂ. കൂടാതെ ധനസഹായം ലഭിച്ചവരുടെ പേരും ഏതിനത്തിൽ, എത്ര തുക ധനസഹായം നൽകി എന്നും മറ്റുമുള്ള വിവരം താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും കൃഷിനാശത്തിനു സഹായം ലഭിച്ചവരുടെ പേരുവിവരം പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനു 6 കോടി രൂപ എല്ലാ ജില്ലാ കളക്ടർമാർക്കുമായി മുൻകൂർ നൽകുകയുണ്ടായി. ദുരിതാശ്വാസക്കെടുതികൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി, റവന്യൂമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ/ കളക്ടർമാരുടെ യോഗം വിളിക്കുകയും സ്ഥിതി അവലോകനം ചെയ്യുകയും ചെയ്തു. അതനുസരിച്ച് തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ ദുരിതബാധിതരായവർക്ക് സൗജന്യ റേഷൻ നൽകുന്നതിനു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി) ഇല്ല.

7 (*127) വൃദ്ധസദനങ്ങൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി. എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനായി വൃദ്ധസദനങ്ങൾ തുറന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

LIBRARY ARCHIVES Kerala Legislative Assembly